# കളിപ്പെട്ടി

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ




ജി.എച്ച്.എസ്സ് വെറ്റിലപ്പാറ

# കളിപ്പെട്ടി

## ഡിജിറ്റൽ മാഗസിൻ



## ജി.എച്ച്.എസ്സ് വെറ്റിലപ്പാറ

## മലപ്പുറം

# ആശംസകൾ

ഹൈടെക് പദ്ധതി വിജയകുതിപ്പിന്റെ പാതയിലാണ് . പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ് ക്ലബിലെ കുട്ടികൾ വിവരവിനിമയ സാങ്കേതിക വിദ്യയിലൂടെ വാനിലുയർന്നു പറകക്കുന്നു . ക്ലബിലെ കുട്ടികൾ തയ്യാറാക്കുന്ന "കളിപ്പെട്ടി" ഡിജിറ്റൽ മാഗസ്സിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

ഹെഡ്മാസ്റ്റർ

പരമേശ്വരൻ.കെ






വെറ്റിലപ്പാറ ഗവ:ഹൈസ്ക്കൂളിലെ ലിറ്റിൽ കൈറ്റ് ക്ലബിലെ കുട്ടികളുടെ അക്ഷീണ പ്രവർത്തനത്തിന്റെ ഫലമായാണ് " കളിപ്പെട്ടി " എന്ന ഡ‍ജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ആശംസകൾ നേരുന്നു.

ആശംസകളോടെ,

റോജൻ പി.ജെ

സീനിയർ അസിസ്റ്റന്റ്

GHS Vettilappara

ആധുനിക ലോകം കമ്പ്യൂട്ടർ അധിഷ്ഠിതമാണ്. I T മേഖല ഇന്ന് എല്ലാ രംഗങ്ങളിലും ആവശ്യമായി വന്നിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ “ Little Kites ” എന്ന കമ്പ്യൂട്ടർ അധിഷ്ഠിത പരിപാടി കേരളത്തിലെ നൈപുണിയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും നൽകി വരുന്നു. Little Kites മായി ബന്ധപ്പെട്ട് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ സർവ്വവിധ ആശംസകളും



കുഞ്ഞിമുഹമ്മദ് എ കെ

Little Kite Master

# EDITORIAL BOARD

| | | |
|---|---|---|
| Cheef Editor | : | Parameswaran K (HM) |
| Staff Editor | : | Joshi |
| Kite Masters | : | Kunhi mohmmed A K |
| | | Soumya S S |
| Student Editor | : | Muhammed Munawar U |
| Editorial Board | : | Ann Mary Anto |
| | | Hima M S |
| | | Rinsana K P |
| | | Pravda Lakshmi |
| | | Najiya Thasni |
| | | Shahva C K |
| | | Fidha Fathima |
| | | Catherine |
| | | Krishneendhu |
| | | Shaniba P |
| | | Muhammed Munawar U |
| | | Razal C M |
| | | Jeena V T |
| | | Diya K K |

# EDITORS DESK

*We are very proud to do this type of a digital magazine of* **G.H.S VETTILAPPARA ,** *We are doing this as a part of Little Kite’s club. In this case we are thanking all of our teachers who helped us to complete the work of our.*

***“KALIPPETTY”...***

*Faithfully,*

*Catherin Mariya Paul*

*Student Editor*

## കളിപ്പെട്ടി തുറക്കുമ്പോൾ


INFORMATION AND COMMUNICATIOTECHNOLOGY........10
ഉണർവിന്റെ പാതയിൽ........11
നല്ല ആരോഗ്യ ശീലങ്ങൾ........12
ഓർമ്മച്ചെപ്പ്........13
ഞങ്ങളുടെ സ്കൂൾ ഒരു ദുരാതാശ്വാസ ക്യാമ്പായി........14
തുഞ്ചത്തെഴുത്തച്ഛൻ........21
ചെറുശ്ശേരി........21
കുമാരനാശാൻ........22
മണൽ തരിക്കും പറയാനുണ്ട്........23
അട്ടൂർ ഗോപാലകൃഷ്ണൻ........24
Juliane Diller (born on 10 October)........25
പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ........26
O. HENRY........27
നൊമ്പരപ്പൂവ്........28
ഒരു കുടന്ന വെളിച്ചമായ്........30
മറവി........31
പഴഞ്ചൊല്ലുകൾ........32
BED IN SUMMER........33
SING , LITTLE BIRDIE........34

## INFORMATION AND COMMUNICATIOTECHNOLOGY

The term information technology is most commonly associated with computers and networks. In a broader sense, information technology is defined as the application of computers and telecommunication equipments to store, retrieve, transmit and manipulate data. This is often done for educational medical and business fields.




Information distribution technologies such as television and telephone also come under this section. There are numerous industries associated with information technology. Computer hardware, software and electronics are some of them.

In the year 2000, the department of information technology was set up in India. Here it consists of two major components such as IT services and process out sourcing. Thiruvananthapuram now accmodates almost all the major IT companies including oracle, tcs, infosys, and contributes in IT export of India.

Kerala state grows up as a major Indian IT centre. In the field of Information technology, Bangalore still deserves our primary mention. This city is known as the Silicon Valley of India. It is the leading software exporter from India. It can be rightly called as the global information technology hub in India.

The second largest exporter of IT is Chennai. Another major IT centre in India is Hyderabad. The name “Cyberabad” is more suitable to this city.

The field of Information technology has created massive employment generation. Now, India is in close ties with tho united states of America and the European union.

IT industry in India has a rapid growth. However, people become more selfish and materialistic due to the industry’s excessive technical influence. The growth of information technology must not destroy those

social subjects in humanities where one gets moral values and spiritual out look.

*-ANN MARY ANTO*



# ഉണർവിന്റെ പാതയിൽ

-കവിത

"ഈ ജീവിതകഥ പറയാൻ

വെറുമൊരു പിടി

വാക്കുകൾ മാത്രം!

ഈ സാഗരനീലിമയാകെ

കോരിയെടുക്കാൻ

കുറിയൊരളുക്കുകൾ മാത്രം!

ഇതെന്തപൂർണതയെന്നറിയുമ്പോഴുമീയസ്വസ്ഥത!

അക്കഥ പറയാൻ വാക്കുകൾ തേടി,

അക്കടൽനീലിമ കോരിപ്പകരാൻ ചെപ്പുകൾ തേടി

സർഗസപര്യയിൽ മുഴുകുമൊരസ്വസ്ഥതയിൽ

ഞാനെൻ സ്വസ്ഥത തേടുന്നു!"

**Najiya Thasni**
**9 A**






# നല്ല ആരോഗ്യ ശീലങ്ങൾ

1.രാത്രി നേരത്തെ കിടക്കുകയും രാവിലെ നേരത്ത ഉണരുകയും ചെയ്യുക.

2.രാത്രി കിടക്കുന്നതിന്റെ മുമ്പും രാവിലെയും പല്ല് തേക്കുക.

3.തുറന്ന സ്ഥലങ്ങളിൽ മല-മൂത്ര വിസർജനം ചെയ്യാതിരിക്കുക

4.ഭക്ഷണം ചവച്ചരച്ച് കഴിക്കുക.

6.തണുത്തതും പഴകിയതുമായ ഭക്ഷണം കഴിക്കാതിരിക്കുക.

7.കുടിക്കൻ തിളപ്പിച്ചാറിയ വെള്ളം  മാത്രം ഉപയോഗിക്കുക.

8.ദിവസവും കുളിക്കുക.

9.വൃത്തയുള്ള വസ്ത്രം ധരിക്കുക.

10.പൊതുസ്ഥലങ്ങളിൽ തുപ്പാതിരിക്കുക.

11.വീട്ടും സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുക.

12.മലിനമായ സ്ഥലത്തുവെച്ച് കളിക്കാതിരിക്കുക.

13.അച്ചാർ ,മിഠായി തുടങ്ങിയവ കഴിക്കാതിരിക്കുക.

14.പെരുമാറ്റത്തിൽ വിനിമയവും മര്യാദയും പാലിക്കുക.

15.സംസാരത്തിൽ മിതവും പാലിക്കുക,ശാന്തശീലമാവുക.

**Najiya Thasni**
**9 A**

# ഓർമ്മച്ചെപ്പ്

'അ 'എന്ന അക്ഷരം ആദ്യം പഠിക്കുവാൻ

ആത്മഗതങ്ങൾ നിറഞ്ഞൊരാ മനസ്സുമായ്
അമ്മതൻ കൈപിടിച്ചമ്പരന്നാദ്യമായ്
ആ മുറ്റത്തെത്തിയതോർക്കുന്ന ഞാൻ

കുഞ്ഞിളം കൈകൾകൊണ്ടെൻ കടലാസ്സിൽ
ആദ്യമായ് കുറിച്ചതോർക്കുന്ന ഞാൻ
അമ്മ എന്ന വാക്കിന്നാദ്യാക്ഷരം
'അ 'എന്നല്ലോ ആദ്യം പഠിച്ചു

നാളുകളോരോന്നായ് പിന്നിട്ട് പിന്നിട്ട്
പിരിയുവാനുള്ള നാളുമെത്തി
സൗഹൃദം ഇതളിട്ട തിരുമുറ്റത്തു നിന്നും
എൻ പാദസ്പർശനം മായുന്നുവോ

അക്ഷരക്കൂട്ടുകളെൻ മനസ്സാം കൈകുമ്പിളിൽ
ആദ്യമായ് നിറച്ചൊരെൻ ഗുരുഭൂതരെ
അന്നുതൊട്ടെന്നാളുമെൻ മനസ്സിൽ
അണയാതെ കാത്തിടാമെന്നുമെന്നും

കാലങ്ങളിനിയും പിന്നിട്ടാലും
കാലചക്രം തിരക്കായ്ത്തിരിഞ്ഞാലും
കാത്തു സൂക്ഷിച്ചിടാം എൻമനസ്സിൽ
കാൽപാദം പതിഞ്ഞൊരാ കളരിമുറ്റത്തെ

നമിക്കുന്നു ഞാനെന്നും നിങ്ങൾക്കുമുമ്പിൽ
നമിക്കുന്നു ഞാനെൻ പ്രിയഗുരുഭൂതരെ
കാത്തിടാം ഞാനെന്നുമെന്റെയുള്ളിൽ
അണയാത്ത നാളമായ് വിദ്യാലയത്തെ

*Najiya Thasni*

# ഞങ്ങളുടെ സ്കൂൾ ഒരു ദുരിതാശ്വാസ ക്യാമ്പായി

ചരിത്രത്തിൽ ഇടം പിടിച്ചതും അതുപോലെ ഇന്നും ഞങ്ങൾക്ക് ഒരു കണ്ണീർ തുള്ളിയായി ഉരുൾപൊട്ടലിൽ പൊലിഞ്ഞ 7 ജീവനുകൾ. വീട് നഷ്ടപ്പെട്ടതും അതുകൂടാതെ സ്വന്തം വീട്ടിൽ നിൽക്കാൻ ഭയവുമായി ഏകദേശം എണ്ണൂറോളം കുടുമ്പങ്ങൾ ഞങ്ങളുടെ സ്കൂളിലെ ദുരിദാശ്വാസ ക്യാമ്പിൽ കഴിയുകയുണ്ടായി. മലപ്പുറത്തെ ഏറ്റവും വലിയ ദുരിദാശ്വാസ ക്യാമ്പിന്റെ അവാർഡും ഒടുവിൽ ഞങ്ങൾക്ക് തന്നെ ലഭിക്കുയയുണ്ടായി. മനുഷ്യന്റെ ഇടയിൽ ജാതിയില്ല, മതമില്ല, ധനമുള്ളവൻ അല്ലെങ്കിൽ ധനമില്ലാത്തവൻ എന്നൊന്നും ഇല്ല എന്നതിന്റെ ഒരു വലിയ സാക്ഷിയായി ഞങ്ങളുടെ സ്കൂൾ മാറുകയുണ്ടായി. ഭക്ഷണത്തിനോ മറ്റു സൗകര്യത്തിനോ യാതൊരു കുറവും ഞങ്ങളുടെ സ്കൂളിൽ ഉണ്ടായില്ല. വിദ്യാർത്ഥികളും അധ്യാപകരും നാട്ടുകാരും ഒറ്റക്കെട്ടായി ക്യാമ്പിനെ നയിച്ചു.

Diya K K
9 A



# ഡ്രൈവറും മറ്റ് റോഡ് ഉപയോഗിക്കുന്നവരും അനുസരിക്കേണ്ട കാര്യങ്ങൾ


1. ട്രാഫിക് നിയന്ത്രണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ നൽകുന്ന നിർദ്ദേശങ്ങളും സിഗ്നലുകളും.
2. ബന്ധപ്പെട്ട അധികാരികൾ പ്രദർശിപ്പിക്കുന്ന സൈൻബോർഡിലെ നിർദ്ദേശങ്ങൾ.
3. ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക്ക് ഇൻഡിക്കേറ്ററിൽ നിന്നുള്ള നിർദ്ദേശങ്ങൾ.
4. മുൻപേ പോകുന്ന വാഹനം പെട്ടെന്ന് നിറുത്തേണ്ടി വരുമ്പോൾ, തന്റെ വാഹനം മുൻപിൽ പോകുന്ന വാഹനത്തിൽ മുട്ടി അപകടം വരാതിരിക്കാൻ ആവശ്യമായ അകലത്തിൽ വാഹനം ഓടിക്കേണ്ടതാണ്.
5. ഒഴിച്ചുകൂടാൻ വയ്യാത്ത സാഹചര്യത്തിലല്ലാതെ ഡ്രൈവർ സഡൺ ബ്രേക്ക് ഉപയോഗിക്കാൻ പാടില്ല.
6. മലമ്പ്രദേശങ്ങളിൽ വാഹനം ഓടിക്കുമ്പോൾ കയറ്റം കയറി വരുന്ന വാഹനങ്ങൾ കടന്നുപോകുമ്പോൾ മുൻഗണന നൽകുകയും ആവശ്യമായ സന്ദർഭങ്ങളിൽ വാഹനം നിറുത്തിക്കൊടുക്കേണ്ടതുമാണ്.
7. പോലീസ് മാർച്ചിംഗ്, റോഡ് റിപ്പയർ, മീറ്റിംഗ്, ഘോഷയാത്രകൾ തുടങ്ങിയ സ്ഥലങ്ങളിൽ 25 കിലോമീറ്ററിൽ കൂടുതൽ വേഗതയിൽ വണ്ടി ഓടിക്കരുത്.

***Muhammed Munawar U***

# അറിവായ് നിറവായ്

"ലോകം എന്നെപ്പറ്റിഎന്തു കരുതുന്നു എന്നെനിക്കറിയില്ല.പക്ഷെ, എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു കൊച്ചു കുട്ടിയാണ്; അനന്തവിസ്തൃതമായ പ്രപഞ്ചമണൽപ്പുറത്ത് മണലു വാരിക്കളിക്കുന്ന ഒരു കൊച്ചു കുട്ടി.അൽപ്പം വെളുത്ത ഒരു വെള്ളാരം കല്ലോ ഭംഗിയാർന്ന ഒരു കക്കത്തോടോ കാണുമ്പോൾ എന്റെ ശ്രദ്ധ അങ്ങോട്ട് തിരിയും.പക്ഷെ, സത്യത്തിന്റെ മഹാസാഗരം എന്റെ കൈപ്പിടിയിലൊതുങ്ങാതെ അജയ്യമായിത്തന്നെ നിലകൊള്ളുന്നു.''

-സർ ഐസക് ന്യൂട്ടൻ



# ബാലികാദിനാഘോഷം

- 2008 ജനുവരി 24-ന് ദേശീയ ബാലികാദിനം നിലവിൽ വന്നു. അതിന്റെ ഭാഗമായി സ്കൂളിലും ബാലികാദിനം ആചരിച്ചു.രാവിലെ തന്നെ പ്രതിജ്ഞയോടുകൂടിയാണ് ബാലികാദിനം ആചരിച്ചു തുടങ്ങിയത്.അതിന്റെ ഭാഗമായി തന്നെ സ്കൂളിൽ പെൺകുട്ടികൾക്ക് കൗൺസിലിംങ് ക്ലാസും ഉണ്ടായിരുന്നു.ജിനീഷ് സാറും മുഹ്സിന ടീച്ചറും ബാലികാദിനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി തന്നു.

- <u>കൗൺസിലിങ്ങിന്റെ പ്രാധാന്യം</u>

ശൈശവ വിവാഹം,ഭ്രൂണഹത്യ,സ്ത്രീധനം,അസമത്വം, ചൂഷണം , അവകാശലംഗനം എന്നിവയെ ബോധവൽക്കരിക്കുകയും അവകാശങ്ങളെക്കുറിച്ച് ബോധപ്പെടുത്തുകയും ചെയ്യുന്നു.



# വെള്ളപ്പൊക്കം

ജലമേന്തിയോടിക്കിതച്ച മേഘം
മലയിൽത്തടഞ്ഞു കമിഴന്നു വീണു
കൊട്ടുമുടിക്കടിയിലേക്കടിയിലേക്കുരുളും കുടത്തിന്റെ
ചടപട ശബ്ദങ്ങൾ കേൾപ്പതില്ലേ?തണ്ണീർ
ചിതറിത്തെറിപ്പതു കാൺമതില്ലേ
പുഴയിൽ മലവെള്ളം പൊങ്ങിവന്നു
കരകൾ കവിഞ്ഞു വയൽ നിറഞ്ഞൂ
പടിയോളം വന്നെത്തി, തൊടിയിലും ചെന്നെത്തി
ഞൊടിയിലീമുറ്റത്തുമോടിയെത്തും,വെള്ള-
മൊട്ടുവിലിറയത്തുമേറിമെത്തും



## STEPHEN WILLIAM HAWKING

Stephen William Hawking is a great physicist known for his work regarding 'BLACK HOLES' in space. He has authored several popular science books. Even at an early age , Hawking showed a passion for Science and Astronomy. At the age of twenty one , while studying at Cambridge , he was diagnosed with a serious disease. Gradually he became entirely paralysed and his life got confined to a wheelchair. Despite his illness , he has done ground-breaking work in Physics and Astronomy

## VAIKOM VIJAYALAKSHMI

vaikom vijayalakshmi is a gifted singer with a uniqe voice. She is blind by birth by birth. Right from early childhood, she showed extraordinary talent in singing. She could easily identify the raga of a song even if heard for the first time. She learned more than hundred ragas without any formal training in music. She is also an expert in playing gayathri veena . She has performed at more than four hundred venues across India. She is also a playback singer. The song katte katte sung by her in the malayalam movie celluloid won great appreciation.



# നൊബേൽ പുരസ്കാരം 2019

- രസതന്ത്രം-അമേരിക്കൻ ശാസ്ത്രജ്ഞരായ ജോൺ ബി.ഗുഡ്ഇനഫ്, സ്റ്റാൻലീ വിറ്റിങ്ഹാം, ജപ്പാനീസ് ശാസ്ത്രജ്ഞൻ അകിറ യോഷിനോ എന്നിവർ പങ്കിട്ടു.-അയോൺ ബാറ്ററി വികസിപ്പിച്ചു.
- ഭൗതികശാസ്ത്രം-സ്വിറ്റ്സർലൻഡുകാരനായ ജെയിംസ് പീബിൾസിന് ഫിസിക്കൽ കോസ്മോളജിയിലെ കണ്ടുപിടിത്തങ്ങൾക്കും മൈക്കിൾ മേയർ, ദിദിയെർ ക്വലോസ് എന്നിവർക്ക് സൗരയൂഥത്തിനുപുറത്ത് ഭൂമിക്ക് സമാനമായ ഒരു ഗ്രഹത്തേയും അത് വലംവയ്ക്കുന്ന നക്ഷത്രത്തേയും കണ്ടെത്തിയതിനുമാണ് പുരസ്കാരം.
- സാമ്പത്തികശാസ്ത്രം-ഇന്ത്യൻ വംശജരായ അഭിഷേക് ബാനർജി, അമേരിക്കക്കാരനായ എസ്ദേർ ദഫൽ, മൈക്കിൾ ക്രെമെൻ എന്നിവർക്ക്.
- സാഹിത്യം-ഓസ്ട്രിയൻ സാഹിത്യകാരൻ പീറ്റർ ഹാൻഡ്കെയ്ക്ക്
- വൈദ്യശാസ്ത്രം-അമേരിക്കൻ ഗവേഷകരായ വില്യം കീലിൻ, ഗ്രെഗ് സമെൻസ, ബ്രിട്ടീഷ് ഗവേഷകനായ പീറ്റർ റാറ്റ് ക്ലിഫ് എന്നിവർ പങ്കിട്ടു.
- സമാധാനം-എതോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയാണ് 2019 ലെ സമാധാന നൊബേൽ ജേതാവ്

ഹിമ.എം.എസ്

## തുഞ്ചത്തെഴുത്തച്ഛൻ

മലയാള ഭാഷയുടെ പിതാവായ എഴുത്തച്ഛൻ പൊന്നാനി താലൂക്കിലെ തിരൂർ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനടുത്ത് 'തുഞ്ചൻപറമ്പ് ' എന്നറിയപ്പെടുന്ന സ്ഥലത്താണ് ജനിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു.16 ശതകമാണ് ജീവിതക്കാലം.

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ എന്ന് മുഴുവൻ പേര്.നിലവിലിരുന്ന പാട്ട്, മണിപ്രവാളംഎന്നീ കാവ്യ ഭാഷാരീതികളെ ശുദ്ധീകരിച്ച് മലയാളത്തിന് സ്വതന്ത്ര തനിമ നൽകി.അതിനാൽ ആധുനിക മലയാളഭാഷയുടെ പിതാവ് എന്നും അദ്ദേഹം അറിയപ്പെടുന്നു.സ്വതന്ത്രസംസ്കൃതം ഇതായിരുന്ന എഴുത്തച്ഛന്റെ ശൈലി.സംസ്കൃതീകൃത പദങ്ങൾ അധികമായി സ്വീകരിച്ചിരുന്നില്ല.സാഹിത്യ, ലൗകീക

ജീവിതത്തെ ഭക്തിയുടെ മാർഗ്ഗത്തിലേക്ക് തിരിച്ചുവിട്ട എഴുത്തച്ഛൻ, ഭക്തിപ്രസ്ഥാനത്തിന്റെ പ്രയോക്താവായി അറിയപ്പെടുന്നു.കിളിപ്പാട്ടുപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് ഇദ്ദേഹം.ദ്രാവിഡ ഭാഷാവൃത്തങ്ങൾ, ലളിതമായ ഭാഷ ഇവയിലൂടെ ഭാഷയ്ക്ക് സ്ഥായിത്വം നൽകി.ലോകതത്വവും ജീവിതതത്വവും ഇത്രകണ്ട് മലയാളിക്ക് ഉപദേശിച്ചുകൊടുത്ത ആചാര്യന്മാർ അന്നും ഇന്നും എഴുത്തച്ഛന് തുല്യരായി ഉണ്ടായിട്ടില്ല.അദ്ധ്യാത്മ രാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട്, ശ്രീമദ് ഭാഗവതം, ഹരിനാമകീർത്തനം, ചിന്താരത്നം, ദേവീമാഹാത്മ്യം, ഉത്തരരാമായണം, കൈവല്യനവനീതം തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളായി കരുതപ്പെടുന്നു.

## ചെറുശ്ശേരി

കൃഷ്ണഗാഥയുടെ കർത്താവായ ചെറുശ്ശേരി ഉത്തരകേരളത്തിലെ കുറുമ്പ്രനാട് താലൂക്കിൽ (ഇപ്പോഴത്തെ വടകര താലൂക്ക്) ചെരുശ്ശേരി എന്നും, പൂനം എന്നും പേരുള്ള ഇല്ലത്തു ജനിച്ചു.എഴുത്തച്ഛന് മുൻപ് പതിനഞ്ചാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന മഹാകവിയാണ് ചെറുശ്ശേരി. ശ്രീകൃഷ്ണചരിതത്തെ അടിസ്ഥാനമാക്കി മലയാളത്തിൽ ഉണ്ടായ ആദ്യത്തെ ബൃഹത്കാവ്യമാണ് കൃഷണഗാഥ. മണിപ്രവാള ശൈലിയിലുള്ള ഇരുന്നൂറോളം സ്തോത്ര ഈരടികൾ ഉണ്ടെങ്കിലും തനിനാടൻ ശൈലിയിൽ, ശുദ്ധമായ മലയാളത്തിന് പ്രാധാന്യം നൽകി രചിക്കപ്പെട്ടതാണ് കൃഷ്ണഗാഥ.മഞ്ജരീ വൃത്തത്തിന്റെ മാധുര്യം,


ഭക്തിരസത്തിന്റെ തീവ്രത എന്നിവ കൃഷ്ണഗാഥയുടെ പ്രത്യേകതകളാണ്.ചെറുശ്ശേരി ലോകം കണ്ടത് കൃഷ്ണന്റെ ലീലയായിട്ടായിരുന്നു.

"നിത്യവും കണ്ട കിനാവുകളെല്ലാമേ
സത്യമെന്നിങ്ങനെ ചൊല്ലാമിപ്പോൾ"

-ചെറുശ്ശേരി-കൃഷ്ണഗാഥ-

## കുമാരനാശാൻ

തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷനടുത്തുള്ള കായിക്കര ഗ്രാമത്തിൽ തൊമ്മൻ വിളാകത്ത് വീട്ടിൽ നാരായണന്റെയും കാളിയമ്മയുടെയും മകനായി 1873 ഏപ്രിലിൽ ജനിച്ചു. പതിനഞ്ചാം വയസ്സിൽ ശ്രീനാരായണ ഗുരുവിനെ കണ്ടുമുട്ടുന്നതു വരെ ആശാന്റെ ജീവിതം സാധാരണ ഗതിയിൽ തന്നെ നീങ്ങി.നാരായണഗുരുവുമായുള്ള ബന്ധം പിൽക്കാലത്ത് ആശാനെ അടിമുടി മാറ്റിമറിക്കുകയുണ്ടായി.കൗമാരത്തിൽ കാവ്യരചനാഭ്യാസത്തിനുവേണ്ടി തെരഞ്ഞെടുത്തിരുന്നു.



# മണൽ തരിക്കും പറയാനുണ്ട്

ലോകത്തിലെ ഓരോ മണൽതരിക്കും അവ എങ്ങനെയുണ്ടായി എന്ന കഥ പറയാൻ ഉണ്ടാവും. അവ ആ കോലത്തിലായത് ഒരു ദിവസം കൊണ്ടോ ഒരു മാസം കൊണ്ടോ അല്ല വർഷങ്ങളോളം ചെയ്ത പ്രവർത്തിയുടെ ഫലമായാണ്.


ഒരു നാൾ ഒരു വലിയപാറയിൽ നിന്ന് പൊട്ടി വീണ ഒരു കഷ്ണമാണ് ആ കല്ല്. ആ കല്ലിന് അരികും മൂലയും പരുക്കനും ആയിരുന്നു. ഒരു മഴയിൽ ആ വെള്ളത്തിൽ ആ കല്ല് അവിടെ നിന്നും ഒരു ചെറിയ പുഴയിലൂടെ ഒഴുകി ഒഴുകി ഉരുണ്ട് ഉരുണ്ട് ഒരു വലിയ പുഴയിൽ എത്തി .അതിനു ശേഷം വിശ്രമം കൂടതെ ആ കല്ല് ഒരു കടലിലേക്കും എത്തുന്നു. കടലിൽ എത്തുമ്പോഴേക്കും ആ കല്ലിന് ആദ്യം ഉണ്ടായിരുന്നപോലെ മൂലകളോ ആരികുകളോ ഇല്ലാതെ പരുക്കൻ മാറി

മിനുസമുള്ളതായി രൂപം കൊണ്ടു.

ഇങ്ങനെ ഒരു കൊച്ചു മണൽ തരിക്ക് ഒരു കഥ പറയാൻ ഉണ്ടെങ്കിൽ ഉറപ്പായും ഭൂലോകത്തിലെ ഓരോ ചരാചരങ്ങൾക്കും ഒരു കഥ പറയാൻ ഉണ്ടാവും. അവ ചരിത്രങ്ങൾ ആകുകയും ചെയും.

# അടൂർ ഗോപാലകൃഷ്ണൻ

1941 ൽ അടൂരിൽ ജനനം. പതിനൊന്ന് കഥാചിത്രങ്ങളും മുപ്പതിൽ ഏറെ ഹ്രസ്വ ചിത്രങ്ങളും സംവിധാനം ചെയ്തു.നിരവധി ദേശീയ അന്തർ ദേശീയ ബഹുമതികൾ ലഭിച്ചു. സ്വയംവരം , കൊടിയേറ്റം , എലിപ്പത്തായം , മുഖാമുഖം , അനന്തരം , വിധേയൻ , മതിലുകൾ , നിഴൽക്കുത്ത് എന്നിവ പ്രധാന ചിത്രങ്ങൾ. മികച്ച സിനിമക്കുള്ള അന്തർ ദേശീയ അവാർഡ് ആറുതവണ ലഭിച്ചു.



# Juliane Diller (born on 10 October)

*Alias Juliane Koepcke , is a German biologist, born in Peru. She is best known as the sole surviver among 92 passengers and crew in the 24 December 1971 crash of Lansa flight 508 in the Peruvian rain forest. Her memoir 'WHEN I FELL FROM THE SKY' is an international best seller and is "a gripping account of a harrowing adventure and an inspiring life"*



# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ

ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ പറ-
ന്നണയുന്നു, പെട്ടന്നവൾ നടുങ്ങുന്നു!
പിടയുന്നു! ചുറ്റിപ്പറന്നുഴലുന്നു!
അവളുടെ വിളി മനുഷ്യ ഭാഷയിൽ
ഇതായിരിക്കാമെന്നെനിക്ക് തോന്നുന്നു:
നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?

( സുഗതകുമാരി )



# O. HENRY

*Pseudonym of William Sydney Porter,(1862-1910)was an American short – story writer whose tales romanticized the life of ordinary people in New York city. His stories express the effect of coincidence on charecter through humour , grim or irony.*
*They often have surprice endings ,which become identified with his name as the O.Henry twist.*



# നൊമ്പരപ്പൂവ്

അവൾ
മിഴി തുറന്നപ്പോൾ
ആകാശത്തിൽ
നക്ഷത്രങ്ങളുണ്ടായിരുന്നു,
ഭൂമിയിൽ
പക്ഷികൾ
വസന്തത്തെ
വരവേൽക്കുകയായിരുന്നു,
പുഴകളിൽ
പരൽമീനുകൾ
പരസ്പരം
തൊട്ടുരുമ്മി
ഇക്കിളിപ്പെട്ടിരുന്നു
ഇലകൾ
മെല്ലെമെല്ലെ വന്ന്
പച്ചമണ്ണിനെ പുണർന്ന്
ശിഖരങ്ങളിൽ
തിരിച്ചെത്തിയിരുന്നു,
ആട്ടിൻപറ്റം
പുൽനാമ്പുകളെ
ചുംബിച്ചുണർത്തിയിരുന്നു.
അവൾ മിഴിയടച്ചപ്പോൾ
ഇരുട്ട്
ഓടിവന്ന്
വെളിച്ചത്തെ
ഒറ്റയടിക്ക്
കൊന്നുകളഞ്ഞിരുന്നു,
കടലിൽനിന്നും വന്ന
ഒരു കാറ്റ്
കാട്ടിൽ കയറി
കലാപം നടത്തിയിരുന്നു,

കാട്
പുഴയിലിറങ്ങിക്കുറിച്ച്
ബലിയിട്ട് മുങ്ങിയിരുന്നു
നിലാവിന്റെ
നാക്കിൽനിന്നും
ഇറ്റുവീണ ചോര
നക്കിക്കുടിച്ച രാത്രി
കരിമ്പടം പുതച്ച്
കുന്ന് കയറിയിരുന്നു,
പനിനീർപ്പൂ
പറിച്ചവന്റെ
കയ്യിൽ തറച്ച മുള്ള്
ഇലകൾക്കിടയിൽ
ഭയന്നുവിറച്ചിരുന്നു,
അപ്പോഴാണ്
ഇറുത്തെടുത്ത
പൂവുകളെല്ലാം
പൂക്കുടയിൽ കയറി
മേശപ്പുറത്തിരുന്ന്
അശാന്തിയുടെ
കുത്തേറ്റുപിടഞ്ഞവരുടെ
പാട്ടുകേട്ട്
സൗമ്യമായി പുഞ്ചിരിച്ചത്

## ഒരു കുടന്ന വെളിച്ചമായ്

ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതി മനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യ വസ്തുക്കളെ സ്നേഹിക്കുകയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു . അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക് വിറ്റു.

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി . ഈ പണം എന്തുമാത്രം ജീവിത സൗകര്യങ്ങളാണ് നൽകുന്നത്! എല്ലാവരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞ് കിടന്നിരുന്ന ഒരു മൃത ശിലാഖണ്ഡത്തിനു പകരമായി ഇത്ര മാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കുവാങ്ങും?

അപ്പോൾ തന്റെ കൈക്കൽ എത്തിച്ചേർന്ന പ്രതിമയിലേക്കു നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തിക്കുകയായിരുന്നു : എന്തൊരു സൗന്ദര്യം ! എന്തൊരു ജീവപ്രകാശം ! ആയിരം വർഷങ്ങളുടെ നിർമ്മലമധുരമായ നിദ്രയ്ക്കു ശേഷം എന്റെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്നമാണ്! മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കുതോന്നും?

- പുരോഗാമി

(ഖലീൽ ജിബ്രാൻ)

# മറവി

ക്രൂരമാണ്
മറവിയുടെ മുഖം
ഒന്നോർത്തുനോക്ക്
മൺമറഞ്ഞവരുടെ
ഓർമകളാണ്
മറവി
മായ്ച്ചുകളയുൻന്നത്.
സ്നേഹത്തിന്റെ
സങ്കീർത്തനങ്ങളെ
കണ്ണീർചാലിലൂടെ
ഒഴുക്കിക്കളയുന്നത്
മറവിയല്ലാതെ
പിന്നാരാണ്.
മനസ്സിന്റെ
ഓട്ടോഗ്രാഫിയിൽ
നിശബ്ദമായ
മൗനം ബാക്കിയാക്കി
മറവി തുടച്ചെടുത്ത
മരണക്കുറിപ്പുകളെ
ഏതു നിലാവിന്റെ
കിനാവുകൾക്കാണ്
തിരിച്ചു നൽകുക.

*-ഷാനിബ . പി*

# പഴഞ്ചൊല്ലുകൾ

- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- ആടറിയുമോ അങ്ങാടി വാണിഭം
- അധികമായാൽ അമൃതവും വിഷം
- ഗതി കെട്ടാൽ പുലി പുല്ലും തിന്നും
- ഇരിക്കുന്ന കൊമ്പു മുറിക്കരുത്
- ഏച്ചു കെട്ടിയാൽ മുഴച്ചിരിക്കും
- ഐക്യമത്യം മഹാബലം
- ഒരുമയുണ്ടേൽ ഉലക്കമേലും കിടക്കാം
- ഇടി വെട്ടിയവനെ പാമ്പു കടിച്ചു
- മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല
- എല്ലു മുറിയെ പണിതാൽ പല്ലു മുറിയെ തിന്നാം
- ഒരു വെടിക്ക് രണ്ട് പക്ഷി
- കാക്ക കുളിച്ചാൽ കൊക്കാകുമോ
- വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
- മിന്നുന്നതെല്ലാം പൊന്നല്ല

# BED IN SUMMER

In Winter I get up at night
And dress by yellow candle light.
In Summer, quite the other way,
I have to go to bed by day.

I have to go to bed and see
The birds still hopping on the tree,
Or hear the grown-up people's feet
Still going past me in the street.

And does it not seem hard to you,
When all the sky is clear and blue,
And I should like so much


ഉയരങ്ങളിലേക്ക് പറന്ന് നമ്മുടെ കൊച്ചു മിടുക്കൻ
മലപ്പുറം ജില്ലാ ലിറ്റിൽ കൈറ്റ്സ് ക്യാമ്പിലേക്ക്
തിരഞ്ഞെടുക്കപ്പെട്ട
മുഹമ്മദ് മുനവ്വർ (9B)
(പ്രോഗ്രാമിംഗ്)
അഭിനന്ദനങ്ങൾ
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്- ജി.എച്ച്.എസ്സ് വെറ്റിലപ്പാറ

# SING , LITTLE BIRDIE

Sing, little birdie, sing
On topmost branches high !
And when thou spreadst thy airy wing,
Let not the sweet notes die.

But longer, louder be,
until the echoes ring
That hide away where none may see,
But only hear them sing.

Methinks that i could stay
Forever with thee here,
And least thy strain the livelong day,
Forgetting sorrow’s tear.

SHANIBA P

# സ്കൂളിൽ നടത്തിയ പ്രവർത്തനങ്ങൾ






മികച്ച

പി.ടി.എ അവാർഡ്





# ഓണാഘോഷം







# കലാമേള





GK Fest Winner



# കേരളപ്പിറവി




മലയാള മനോരമ
നല്ല
പാഠം
കുട്ടികൾ പുഞ്ചിരിക്കുന്ന കേരളം





# സ്മാർട്ടമ്മ പ്രോഗ്രാം





# ശിശുദിനാഘോഷം









# ക്രിസ്തുമസ്സ് ആഘോഷം







Eco -friendly Class Room





# THANK YOU